# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4261** **24.06.2019-ൽ മറുപടിക്ക്**

## ബാലവേല നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ബാലവേല സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിന്മേൽ നടപടി എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ കാലയളവിൽ ബാലവേല സംബന്ധിച്ച് തൊഴിൽ വകുപ്പിൽ 17 പരാതികൾ ലഭിച്ചിട്ടുണ്ട്. 10 പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ 7 പരാതികളിലെ കുട്ടികൾ 14 വയസ്സിന് മുകളിലുള്ളവരായതിനാൽ ടി പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ സാമൂഹ്യ നീതി വകുപ്പ് ആവിഷ്കരിച്ച 'ശരണബാല്യം' പദ്ധതിയിലൂടെ ജില്ലാതലത്തിൽ അഞ്ച് പരാതികൾ ലഭിക്കുകയും ആയതിൻമേൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ബാലവേലയുമായി ബന്ധപ്പെട്ട് എത്ര കുട്ടികളെ മോചിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ കാലയളവിൽ ബാലവേലയുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് 27 കുട്ടികളെയും സാമൂഹ്യ നീതി വകുപ്പ് ആവിഷ്കരിച്ച 'ശരണബാല്യം' പദ്ധതിയിലൂടെ 44 കുട്ടികളെയും മോചിപ്പിച്ചിട്ടുണ്ട്. |
| (സി) അപകടകരമായ തൊഴിൽ മേഖലകളിലും മറ്റും കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് തടയാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;<br><br>(ഡി) ബാലവേല നിർമ്മാർജ്ജനത്തിനും ബാലവേലയിൽ ഏർപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും സ്വീകരിച്ച | (സി) യും (ഡി) യും 18 വയസിൽ താഴെയുള്ളവരെ 1948-ലെ ഫാക്ടറീസ് നിയമത്തിൽ സെക്ഷൻ 22(2) പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു മെഷിനിലോ അതിന്റെ സമീപത്തോ വൃത്തിയാക്കൽ, ചലിച്ചുകൊണ്ടിരിക്കുന്ന യന്ത്രഭാഗങ്ങളിൽ ലൂബ്രിക്കേഷൻ നടത്തൽ, സെക്ഷൻ 23 പ്രകാരം മതിയായ പരിശീലനവും മേൽനോട്ടവും കൂടാതെ അപകടകരമായ മെഷിനുകളിൽ |

| | | |
|---|---|---|
| നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | ജോലി ചെയ്യിക്കൽ, സെക്ഷൻ 87(ബി) പ്രകാരം അപകടകരമായ നിർമ്മാണ പ്രക്രിയയിൽ ജോലി ചെയ്യിക്കൽ എന്നിവ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ചൈൽഡ് ലേബർ പ്രോഹിബിഷൻ ആക്റ്റ് പ്രകാരം ഫാക്ടറികളിൽ 14 വയസിൽ താഴെയുള്ളവരെ ജോലി ചെയ്യിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഫാക്ടറി ഇൻസ്പെക്ടർമാർ, ഫാക്ടറി പരിശോധന സമയത്ത് ടി നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ടി നിയമലംഘനങ്ങൾ ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ഫാക്ടറി ഉടമകൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു.<br><br>വിവിധ തൊഴിൽ മേഖലകളിലും, വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. സ്ഥാപനങ്ങളിലും, തൊഴിൽമേഖലകളിലും ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിക്കുകയും ലഘുലേഖ വിതരണം നടത്തി വരുകയും ചെയ്യുന്നു. ബാലവേല നിർമ്മാർജ്ജനത്തിനായി ചൈൽഡ് ലൈൻ, ജില്ലാ ശിശു സംരക്ഷണവകുപ്പ്, ജുവനൈൽ പോലീസ് എന്നീ വകുപ്പുകളുമായി സഹകരിച്ച് സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) അമന്റ്മെന്റ് റൂൾസ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മിന്നൽ പരിശോധന നടത്താറുണ്ട്.<br><br>ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന പരിശോധനകൾ നടത്തുന്നുണ്ട്. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് |

ലൈൻ, ചൈൽഡ് വെൽഫയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 ജില്ലകളിൽ ബാലവേല വിരുദ്ധദിനമായി ആചരിക്കുകയും സെമിനാറുകൾ. ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങി പല പ്രോഗ്രാമുകളും സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ടി ക്ലാസ്സുകളിൽ അങ്കണവാടി, കുടുംബശ്രീ, ആശാപ്രവർത്തകർ എന്നിവരെ കൂടി വനിതാശിശുവികസന വകുപ്പിന്റെ സഹായത്തോടുകൂടി പങ്കെടുപ്പിക്കുന്നുണ്ട്. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നു വരുന്നു. വനിതാശിശുവികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള 'ശരണബാല്യം' പദ്ധതിയുമായി ചേർന്ന് ജില്ലകളിൽ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ